# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 8051

24.07.2012-ൽ മറുപടിക്ക്

## പരിയാരം സഹകരണ മെഡിക്കൽ കോളേജിലെ അഴിമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) പരിയാരം സഹകരണ മെഡിക്കൽ കോളേജുകളിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിലും മറ്റു പ്രവർത്തനങ്ങളിലും വൻതോതിൽ അഴിമതിയും ക്രമക്കേടും നടക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ആയതു പരിഹരിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) പരിയാരം മെഡിക്കൽ കോളേജിലെ എം.ബി.ബി.എസ്., പി.ജി. പ്രവേശനവുമായി ബന്ധപ്പെട്ട ആരോപണങ്ങളെ സംബന്ധിച്ച് അന്വേഷിക്കുന്നതിന് 09.06.2011-ലെ ജി.ഒ.(ആർ.റ്റി) 371/2011/സഹ. നം. ഉത്തരവ് പ്രകാരം ഫിനാൻസ് സെക്രട്ടറി (എക്സ്പെൻഡിച്ചർ) ശ്രീ. സഞ്ജയ് ഗാർഗ് ചെയർമാനായും, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ശ്രീമതി.വി.ഗീത, സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ ശ്രീ.കെ.വി. സുരേഷ്ബാബു എന്നിവർ അംഗങ്ങളായുള്ള മൂന്നംഗ ഹൈലെവൽ കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ടി അന്വേഷണ റിപ്പോർട്ടിൻമേൽ സഹകരണ നിയമ പ്രകാരം ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് സഹകരണസംഘം രജിസ്ട്രാർക്ക് സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ, സംഘം പ്രസിഡന്റിന്റേയും, മാനേജിംഗ് ഡയറക്ടറുടെയും വിശദീകരണം തേടുകയും മറുപടി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ വകുപ്പ്തലത്തിൽ സ്വീകരിക്കേണ്ട തുടർ നടപടികൾ പരിശോധിച്ചു വരുന്നു. |
| (സി) ഈ സഹകരണ മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നകാര്യത്തിൽ എന്തെങ്കിലും നിയമതടസ്സമുണ്ടോ; | (സി) യും (ഡി) യും ഏറ്റെടുക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനം കൈക്കൊള്ളുന്ന വേളയിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി) എങ്കിൽ നിയമതടസ്സങ്ങൾ നീക്കി ഈ സ്ഥാപനം ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ